# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2547** **05.11.2019-ൽ മറുപടിക്ക്**

## സഹകരണസംഘങ്ങളുടെ പണം കൈമാറ്റത്തിൽ നിയന്ത്രണങ്ങൾ

**ചോദ്യം** — **ശ്രീ.അനൂപ് ജേക്കബ്**

**മറുപടി** — **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ പണം കൈമാറ്റത്തിൽ ഇൻകംടാക്സ് വകുപ്പ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ആദായ നികുതി നിയമത്തിലെ 269 ST വകുപ്പ് പ്രകാരം ഒരാൾക്ക് ഒരു ദിവസം 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ എന്നതും 269 SS വകുപ്പ് പ്രകാരം 20,000/- രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന് വ്യവസ്ഥയും കൂടാതെ ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിചേർത്ത വകുപ്പ് 194 N പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ മൊത്തം പണമായി പിൻവലിയ്ക്കുകയാണെങ്കിൽ 2% ആദായ നികുതി ഈടാക്കുമെന്ന വ്യവസ്ഥയും സഹകരണ സംഘങ്ങളുടെ ഇടപാടുകൾക്ക് പ്രതികൂലമാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏത് തരം നിയന്ത്രണങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും ഇൻകം ടാക്സ് വകുപ്പിന്റെ പ്രസ്തുത നടപടിയിന്മേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളെന്താണെന്നും വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും മൊത്തം പണമായി പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. 269 ST പ്രകാരം ഒരാൾക്ക് ഒരു ദിവസം 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ. 269 SS പ്രകാരം 20,000/- രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 194 N എന്ന വകുപ്പും മേൽ 269 ST, 269 SS വകുപ്പുകൾ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകര മായതിനാൽ നിയമഭേദഗതിമൂലം കേരളത്തിലെ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കേന്ദ്രധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രകൃഷിവകുപ്പ് മന്ത്രി എന്നിവർക്ക് 02.07.2018 ലും 11.10.2019 ലും ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മേൽ പരാമർശിച്ച വകുപ്പുകൾ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ടി വകുപ്പുകളിൽ നിന്ന് സഹകരണ മേഖലയെ ഒഴിവാക്കുന്ന തിലേയ്ക്കായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് എം.പി.മാരുടെ സമ്മേള നത്തിൽ ഈ വിഷയം അജൻഡയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**